(സി)

ക്രമ നമ്പർ	ആശുപത്രി	ബാങ്ക്	തുക
1	മെഡിക്കൽ കോളേജ് ആശുപത്രി	1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	77,98,091
		2. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്	1,53,90,508 (ഫിക്സഡ്)
2	മാതൃ-ശിശു സംരക്ഷണ കേന്ദ്രം	1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	36,13,022
		2. ഇന്ത്യൻ ഓവർസീസ് ബാങ്ക്	46,47,854
		3. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്	3,79,62,220
		4. ആർ.എസ്.ബി.വൈ. സ്കീമിൽ	(ഫിക്സഡ്) 2,64,94,860
3	നെഞ്ചുരോഗ ആശുപത്രി	1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	17,16,468
		ആകെ	9,76,23,023

മെഡിക്കൽ കോളേജുകളിലെ അവശ്യ തസ്തികകൾ

85 (750) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും, മെഡിക്കൽ കൗൺസിലിന്റെ നോംസ് അനുസരിച്ചുള്ള ആവശ്യമായ തസ്തികകൾ എത്രയാണ് ;

(ബി) സർക്കാർ സൃഷ്ടിച്ച സ്ഥിരം തസ്തികകൾ എത്രയാണെന്നും എത്ര തസ്തികകളിൽ ഇനിയും സ്ഥിരമായ നിയമനം നടത്താൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ ; നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും എത്ര തസ്തികകൾ പുതുതായി സ്ഥാപിക്കപ്പെട്ട മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിക്കൊടുത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ ഏതെങ്കിലും മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണതോതിൽ നിലവിൽ വന്നിട്ടുണ്ടോ ;

(ഡി) പുതിയ മെഡിക്കൽ കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കാനാവശ്യമായിവരുന്ന തുകസംബന്ധിച്ച് വിശദമാക്കുമോ ; ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണ് ?

ഉത്തരം

(എ&ബി) പുതുതായി ആരംഭിച്ച മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനപ്രകാരം ആവശ്യമുള്ള തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. നിലവിൽ ഉണ്ടായിരുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലേക്ക് 28 തസ്തികകളും മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലേക്ക് 9 തസ്തികകളും മാറ്റി ഉത്തരവായിട്ടുണ്ട്.

(സി) സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണതോതിലാക്കാനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

(ഡി) പുതിയ മെഡിക്കൽ കോളേജുകൾക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിവരം താഴെ ചേർക്കുന്നു :

1. ഇടുക്കി മെഡിക്കൽ കോളേജ് - 350 ലക്ഷം
2. കാസർഗോഡ് മെഡിക്കൽ കോളേജ് - 350 ,,
3. കോന്നി മെഡിക്കൽ കോളേജ് - 550 ,,
4. മഞ്ചേരി മെഡിക്കൽ കോളേജ് - 450 ,,
5. വയനാട് മെഡിക്കൽ കോളേജ് - 350 ,,
6. പുതിയ തിരുവനന്തപുരം മെഡിക്കൽ കോളേജ് - 550 ,,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly